# Malayala Manorama

# 18 August 2018

# Thiruvananthapuram, Flood, Failure to Coordinate Relief work



## വീഴ്ചയിൽ ക്ഷുഭിതനായി മുഖ്യമന്ത്രി

തിരുവനന്തപുരം • കാലവർഷക്കെടുതി രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിലെ ഉദ്യോഗസ്ഥതല വീഴ്ചയിൽ മുഖ്യമന്ത്രി പിണറായി വിജയന് അതൃപ്തി. ഇന്നലെ രാവിലെ ചേർന്ന അവലോകന യോഗത്തിൽ ഉദ്യോഗസ്ഥർക്കു നേരെ മുഖ്യമന്ത്രി പൊട്ടിത്തെറിച്ചു.

വിവിധ വകുപ്പുകൾ നടത്തേണ്ട രക്ഷാപ്രവർത്തനത്തിൽ വീഴ്ച സംഭവിക്കാൻ പാടില്ലെന്നു വകുപ്പുമേധാവികൾക്കു മുഖ്യമന്ത്രി കർശന നിർദേശം നൽകി. ദുരന്തമുഖത്തു മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വകുപ്പുകളെ മുഖ്യമന്ത്രി അഭിനന്ദിക്കുകയും ചെയ്തു. രാവിലെ ആറു മുതൽ വ്യോമസേനയുടെ ഹെലികോപ്റ്ററുകൾ ഉപയോഗിച്ച്, കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കുമെന്നും ഇവർക്കു ഭക്ഷണവും വെള്ളവും എത്തിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചിരുന്നു.

എന്നാൽ, സേനാവിഭാഗങ്ങൾ രാവിലെ പത്തോടെയാണു രംഗത്തിറങ്ങിയത്. സേനകളുമായി ബന്ധപ്പെട്ടു രക്ഷാപ്രവർത്തനം ഏകോപിപ്പിക്കേണ്ട ഉദ്യോഗസ്ഥർക്കു നേരെയാണു മുഖ്യമന്ത്രി ക്ഷുഭിതനായത്.

കേന്ദ്ര സർക്കാർ നൽകിയ ഭക്ഷണവും വെള്ളവും തിരുവനന്തപുരത്തു നിന്നു ദുരന്ത മേഖലയിൽ എത്തിച്ചു യഥാസമയം വിതരണം ചെയ്യുന്നതിൽ പോലും വീഴ്ച സംഭവിച്ചു. ചിലർ മുഖ്യമന്ത്രിയെ നേരിട്ടുവിളിച്ചു പരാതി പറഞ്ഞിരുന്നു. ആരെയൊക്കെ രക്ഷിക്കണമെന്നതു സംബന്ധിച്ച വിവരങ്ങൾ കൺട്രോൾ റൂമിൽ നിന്നു സേനാവിഭാഗങ്ങൾക്കും ബോട്ടുമായി രംഗത്തുള്ള മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിലും വീഴ്ചയുണ്ടായി. അതേസമയം, റവന്യു അഡീഷനൽ ചീഫ് സെക്രട്ടറി പി.എച്ച്.കുര്യനെ ആക്ഷേപിക്കുന്ന രീതിയിൽ തന്റെ ഭാഗത്തു നിന്ന് ഒന്നും ഉണ്ടായിട്ടില്ലെന്നും യോഗത്തിൽ പൊതുവായ കാര്യങ്ങൾ വിലയിരുത്തുകയാണു താൻ ചെയ്തതെന്നും മുഖ്യമന്ത്രി അറിയിച്ചു.